HH
For Private circulation only

# Hello Hope
# ഹലോ ഹോപ്പ്

---Hope Harbour for Believers---

GULF EDITION

Issue No.14, May-June 2018 Published by: Phoenix Publishing House, Kerala, India | Licence# RNI No.KERMAL/2017/469833/ERN

# മാനസാന്തരപ്പെടാത്ത കഫർന്നഹൂം



പാസ്റ്റർ ലിജോ മാത്യു

മത്തായി എഴുതിയ സുവിശേഷം പതിനൊന്നാം അദ്ധ്യായം 23,24 വാക്യങ്ങളിൽ മാനസാന്തരപ്പെടാത്ത കഫർന്നഹൂമിനെ കർത്താവ് ശാസിക്കുകയും സ്വർഗ്ഗത്തോളം ഉയർന്നിരിക്കേണ്ട പട്ടണം പാതാളം വരെ താണുപോകുമെന്നും ന്യായവിധി ദിവസത്തിൽ സോദോമ്യരുടെ നാടിനു സഹിക്കാവതാകും എന്നു ന്യായവിധിയെക്കുറിച്ച് മുന്നറിയിപ്പ് നൽകുകയും ചെയ്യുന്നു.

ഗലീലക്കടലിന്റെ വടക്കൻ തീരത്തുള്ള ഒരു തീരദേശ പട്ടണമാണ് കഫർന്നഹൂം. രണ്ട് പുരാതന സിനഗോഗുകൾ ആ കാലഘട്ടത്തിൽ ഇവിടെ ഉള്ളതായി പറയപ്പെടുന്നു. കർത്താവായ യേശുക്രിസ്തു കഫർന്നഹൂമിനെ തന്റെ 'സ്വന്തപട്ടണ'മായി വിശേഷിപ്പിച്ചു(മത്താ.9:1). തന്റെ പരസ്യശുശ്രൂഷയുടെ ആരംഭകാലങ്ങളിൽ കൂടുതൽ സമയവും പ്രവർത്തിച്ചത് ഇവിടെയായിരുന്നു. നാലു സുവിശേഷങ്ങളിലും ഈ പട്ടണത്തെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. യേശുക്രിസ്തു കഫർന്നഹൂമിലെ സിനഗോഗിൽ ശബ്ബത്തിൽ ദൈവവചനം അധികാരത്തോടെ ഉപദേശിക്കുകയും അശുദ്ധാത്മാവ് ബാധിച്ച ഒരു മനുഷ്യനെ സൗഖ്യമാക്കിയ അത്ഭുതപ്രവർത്തി യേശുവിന്റെ ശ്രുതി ഗലീലാനാട്ടിലെങ്ങും പരക്കാനും ഇടയായി (ലൂക്കോ.4:31-40, മർ.1:21-28).

അശുദ്ധാത്മാക്കളോട് അധികാരത്തോടും ശക്തിയോടും കൽപ്പിക്കുകയും അവ അവനെ അനുസരിക്കുകയും ചെയ്യുന്ന ഈ 'പുതിയ ഉപദേശത്തെ' അവിടുത്തെ ജനങ്ങൾ ആശ്ചര്യത്തോടെ കണ്ടു. ശീമോന്റെ അമ്മായിയമ്മ കഠിനജ്വരം കൊണ്ടു വലഞ്ഞിരിക്കുമ്പോൾ യേശു അവളെ കുനിഞ്ഞുനോക്കി ജ്വരത്തെ ശാസിക്കുകയും അത് അവളെ വിട്ടുമാറി ഉടനെ അവൾ എഴുന്നേറ്റു അവനെ ശുശ്രൂഷിച്ചതും നാനാവ്യാധികൾ പിടിച്ച ദീനക്കാർ ഒക്കേയും അവന്റെ അടുക്കൽ കൊണ്ടുവരുന്നതും യേശു ഓരോരുത്തരുടേയുംമേൽ കൈവെച്ച് സൗഖ്യമാക്കുന്നതും കഫർന്നഹൂം പട്ടണക്കാർ കണ്ടു.ശതാധിപന്റെ വിശ്വാസത്താൽ തന്റെ ബാല്യക്കാരനെ യേശു സൗഖ്യമാക്കിയതും(ലൂക്കോ.7:1-11, മത്താ.8:5-10), ചുമന്നു കൊണ്ടുവന്നവരുടെ വിശ്വാസം കണ്ടു കർത്താവ് പക്ഷപാതക്കാരനെ സൗഖ്യമാക്കിയതും കഫർന്നഹൂമിൽ ഒരു വലിയൊരു പുരുഷാരത്തിന്റെ മുമ്പാകെ ആയിരുന്നു.

ഇങ്ങനെ വലിയ അത്ഭുതങ്ങളും അടയാളങ്ങളും നടന്ന പട്ടണം സ്വർഗ്ഗത്തോളം ഉയർന്നരിക്കേണ്ടതായിരുന്നു. എന്നാൽ കർത്താവ് ഈ പട്ടണം പാതാളംവരെ താണുപോകും എന്നു പറയുന്നു. എന്താണ് കാരണം? അവർ കേട്ടതായ ദൈവവചനങ്ങളും തങ്ങളുടെ നഗ്നനേത്രങ്ങൾകൊണ്ട് ദർശിച്ചതായ അത്ഭുതപ്രവർത്തികളും അവരെ പാപബോധത്തിലേക്കും അനുതാപത്തിലേക്കും പശ്ചാത്താപത്തിലേക്കും വിശ്വാസത്തിലേക്കും നയിച്ചില്ല. മാത്രവുമല്ല യേശുവിനെ മശിഹയായി അംഗീകരിക്കുവാൻ അവർക്കു കഴിഞ്ഞില്ല. യേശുക്രിസ്തുവിന്റെ ഉപദേശങ്ങൾ അവർക്കു താൽപ്പര്യമായിരുന്നുവെങ്കിലും അത് അവർ ഹൃദയത്തിൽ ഏറ്റെടുത്തില്ല. യേശു ചെയ്ത അത്ഭുതപ്രവർത്തികളിൽ അവർ സന്തോഷിച്ചുവെങ്കിലും അത് പാപബോധത്തിലേക്കും മാനസാന്തരത്തിലേക്കും നയിച്ചില്ല. രക്ഷയുടെ ദൂതുകൾ ഹൃദയങ്ങൾക്കു രൂപാന്തരം വരുത്തിയില്ല. മാത്രവുമല്ല പാപത്തിന്റെ ശമ്പളമായ മരണം നിത്യതയിൽ നിന്ന് അകറ്റികളഞ്ഞ് നിത്യനരകത്തിലേക്ക് എത്തിക്കും എന്നുള്ള വചനങ്ങൾ അവർ ചെവികൊണ്ടില്ല. അടിസ്ഥാനപരമായി അനുസരിക്കേണ്ട ആത്മീയോപദേശങ്ങൾ പലതും ഉപേക്ഷയായി വിചാരിച്ചു തന്മൂലം കർത്താവ് പറയുന്നു ന്യായവിധി ദിവസത്തിൽ സോദോമ്യരുടെ നാടിനു സഹിക്കാവതാകും എന്ന്.

വചനം പഠിക്കുകയും പഠിപ്പിക്കുകയും വായിക്കുകയും കേൾക്കുകയും ചെയ്യുന്നവർ അത് അനുസരിച്ചില്ലായെങ്കിൽ കഫർന്നഹൂമിനെപ്പോലെ പാതാളത്തോളം താണുപോകേണ്ടിവരും എന്നുള്ള മുന്നറിയിപ്പോടെ ദൈവവചനം പൂർണ്ണമനസ്സോടെ ധൈര്യത്തോടെ അനുസരിയ്ക്കുവാൻ ആഹ്വാനം ചെയ്യുന്നു. അത് നമ്മെ നിത്യതയിലേയ്ക്ക് എത്തിക്കുന്നു.

A SPARROW'S FAITH 10

# On the CROSS, And beyond



Raji Unnikrishnan

"My God! Why have you forsaken me?"
Drenched in blood, a head heavy with the crown of thorns, Son of God lifts his eyes so merciful to the Heavens and asks this question to his Father...

One of those famous utterances on the cross.
And then, it's over.

A drop of precious and innocent blood splashes on the ground and the Heavens roar in anger.
The picturisation of the crucifix in the series AD Kingdom and the Empire was heart wrenching.

The fear and sorrow lingers for three days among the disciples, until He rises from the dead. It's then we realise that God the Father did not forsake His dear son, but it was part of HIS mighty plan.

How many times have we asked this question to God, which the son asked the Father on the cross?

I have done that.
At times when I felt that I didn't deserve to be in an unfavorable situation, I asked - God, why have you forsaken me?
When relationships failed, I asked - God, don't you see my pain?
When it was all so blue and bleak, I have asked - God, where are you?

Son of God's heartbreaking question to His Father, made me think of all of my such questions to the Father.

Every trial has a purpose and I think it's but human to think that God has forsaken us at the moment in time.

But He never forsakes.
The proof is what we witnessed beyond the cross...

***"Never will I leave you; never will I forsake you." Hebrews 13:5***

*-A Sparrow*



EDITORIAL

# പോരാട്ടത്തിന്റെ ദൈവീകോദ്ദേശം



രാജീവ് സ്റ്റുവർട്ട്
ചീഫ് എഡിറ്റർ

***'ദേശം ശൂന്യമാകാതെയും കാട്ടുമൃഗം നിനക്കു ബാധയായി പെരുകാതെയും ഇരിപ്പാൻ ഞാൻ അവരെ ഒരു സംവത്സരത്തിനകത്ത് നിന്റെ മുമ്പിൽ നിന്ന് ഓടിച്ചു കളകയില്ല. നീ സന്താനസമ്പന്നമായി ദേശം അടക്കുന്നതുവരെ ഞാൻ അവരെ കുറേശ്ശെ, കുറേശ്ശെ നിന്റെ മുമ്പിൽ നിന്ന് ഓടിച്ചുകളയും' - പുറപ്പാട് 23:29-30.***

***'നമുക്ക് പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ' - എഫെസ്യർ 6:12.***

ഈ രണ്ടുവേദഭാഗങ്ങളും ശ്രദ്ധിച്ചുപഠിക്കുന്ന ഒരു വ്യക്തിക്ക് പോരാട്ടം, പോരാട്ടം തുടരുന്നതിലെ ദൈവീകോദ്ദേശം എന്നിവയെപ്പറ്റി ശരിയായി മനസിലാക്കാൻ കഴിയും. അത് നമ്മുടെ ജീവിതത്തിലെ പ്രധാനപ്പെട്ട പാഠമായിരിക്കും.

യിസ്രായേൽ മക്കൾ കൈവശമാക്കിയ സ്ഥലങ്ങളിൽ നിന്ന് ശത്രുവിനെ ദൈവം ഓടിച്ചു കളയും എന്നാണ് പറയുന്നത്. ഞാൻ അവരെ ഓടിക്കുന്നതിന് ശ്രമിക്കാൻ പോകുകയാണ് എന്നല്ല. അതിന്റെ അർത്ഥം, സ്ഥലം ഇപ്പോൾത്തന്നെ ദൈവത്തിന്റെ കൈവശത്തിലാണ്, വിജയം ദൈവം കരസ്ഥമാക്കി കഴിഞ്ഞു എന്നത്രെ. നമ്മുടെ വിജയം അതിന്റെ പൂർണ്ണതയിൽ ദൈവത്തിന്റെ കയ്യിൽ ഉണ്ട്. പക്ഷെ ആ വിജയത്തിലേക്ക് നാം സ്ഥിരമായി മുന്നേറിക്കൊണ്ടിരിക്കണം. പുതിയനിയമത്തിൽ ഈ പോരാട്ടത്തെപ്പറ്റി പറയുന്ന അദ്ധ്യായമാണ് എഫെസ്യർ 6.

ഇതൊരു യാഥാർത്ഥ്യമാകയാൽ ഇതിന്റെ കാരണങ്ങളിലേക്ക് നോക്കാം. കർത്താവ് ഇയുടെമേൽ സമ്പൂർണ്ണവിജയം നേടി. കർത്താവിനെ സംബന്ധിച്ചിടത്തോളം ഇതിന്മേൽ കൂടുതലായി ഒന്നും ചെയ്യാനില്ല. എല്ലാ ശത്രുക്കളെയും ക്രൂശിൽവെച്ച് അവൻ പരാജയപ്പെടുത്തിയതാണ്. എന്നാൽ യേശുകർത്താവ് എന്തുകൊണ്ടാണ് ഈ വിജയം സമ്പൂർണ്ണമായി നമുക്ക് നൽകാത്തത്? അങ്ങനെ നൽകിയിരുന്നെങ്കിൽ ഈ പോരാട്ടം ഒന്നും കൂടാതെ നമുക്ക് സന്തോഷമായി ജീവിക്കാമായിരുന്നില്ലേ ? അത് വിഡ്ഢിത്തം നിറഞ്ഞ ഒരു ചോദ്യമായിത്തോന്നാം. പക്ഷെ നമുക്ക് അത് കർത്താവിന്റെ അടുക്കലേക്ക് കൊണ്ടുചെന്ന് കർത്താവിനോട് വിശദീകരിക്കാൻ ആവശ്യപ്പെടാം. പെട്ടെന്ന് സമ്പൂർണ്ണവിജയം നൽകാതെ, കുറേശ്ശെ, കുറേശ്ശെ മാത്രം എന്താണ് അവസാനംവരെ യുദ്ധം ചെയ്യേണ്ട ആവശ്യം ?

പുറപ്പാട് പുസ്തകത്തിലെ ഈ ഭാഗം പുതിയനിയമയുഗത്തിലുള്ള എനിക്കും നിങ്ങൾക്കും അതിന്റെ ഉത്തരം നൽകുന്നു. കാട്ടുമൃഗം നിനക്ക് ബാധയായി പെരുകാതിരിക്കാൻ ഞാൻ ദേശത്തെ ശൂന്യമാക്കുകയില്ല. നീ സന്താന സമ്പന്നമായി ദേശം അടക്കുന്നതുവരെ ഞാൻ അവരെ കുറേശ്ശെ, കുറേശ്ശെ നിന്റെ മുമ്പിൽ നിന്ന് ഓടിച്ചുകളയും. ശത്രു ബലമായി പിടിച്ചെടുക്കാൻ ശ്രമിക്കുന്ന ഭൂമി കൈവശമാക്കുവാൻ നമുക്ക് കഴിവില്ലാത്തതുകൊണ്ട് സമ്പൂർണ്ണവിജയം വൈകുന്നു. പ്രാപിക്കുവാൻ കഴിവില്ലാത്തതുകൊണ്ട്, ആത്മീകമായ പരിമിതികൊണ്ട്, ആത്മീകമായ അപക്വതകൊ്, സമ്പൂർണ്ണവിജയം നമുക്ക് കൈവരിക്കുവാനാകുന്നില്ല. നമ്മുടെ ഭാഗത്ത് പുരോഗതി ഉണ്ടാകണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

പഴയനിയമ അക്ഷരീകതയിൽ നിന്ന് പുതിയനിയമ ആത്മീയതയിലേക്ക് നീങ്ങാം. പലപ്പോഴും നാം കർത്താവിന്റെ അടുക്കൽ ചെന്ന് വിജയത്തിനുവേണ്ടിയും ആത്മീയമുന്നേറ്റത്തിനുവേണ്ടിയും തിന്മയുടേയും മരണത്തിന്റേയും ശക്തികളെ പരാജയപ്പെടുത്തുന്നതിനുവേണ്ടിയും അപേക്ഷിക്കാറുണ്ട്. പലപ്പോഴും നമ്മുടെ ചിന്ത, ദൈവം വലിയ ശക്തിയെ പ്രദർശിപ്പിച്ച് ഒറ്റയടിക്ക് നമ്മെ ആത്മീയ മുന്നേറ്റത്തിലേക്ക് നയിക്കുമെന്നാണ്. നാം ആ ധാരണ തിരുത്തണം. ദൈവം ചെയ്യുന്നത് പഴയനിയമകാലത്ത് ദേശം കൈവശമാക്കുവാൻ ജനത്തെ ബലപ്പെടുത്തിയതുപോലെ, നമ്മെ ബലപ്പെടുത്തുകയാണ്. കർത്താവ് നമ്മെ ചില അനുഭവങ്ങളിൽകൂടി, ചില പ്രത്യേക പരിശീലനങ്ങളിൽകൂടി നടത്തി ആത്മീയ വളർച്ചയിലേക്കും കഴിവിലേക്കും നയിക്കുന്നു. ആത്മീയമായി വളരുമ്പോൾ നാം സ്വയമേവ വിശാലതയിലേക്ക് നീങ്ങുന്നു. പുറപ്പാട് പുസ്തകത്തിലെ പ്രസ്താവന അത് വളരെ വ്യക്തമാക്കുന്നു.

ഒരുകൂട്ടം ജനത്തെ വിജയിത്തിനായും മുന്നേറ്റത്തിനായും വിളിച്ചതുവഴി, ദൈവം ശത്രുവിന്റേത് പിടിച്ചെടുക്കുകയാണ്. കർത്താവ് മുമ്പിൽ പോകുകയാണ്. ദൈവം ജനത്തിനുമുമ്പായി ചെന്ന് ശത്രുവിനെ ഓടിച്ചുകളഞ്ഞ് ദേശം ആരും പാർക്കാനില്ലാതെ വെറുതെ ഇട്ടെന്നു കരുതുക. എന്താണ് സംഭവിക്കാൻ പോകുന്നത് ? ദൈവമോ പിശാചോ ഒരു ശൂന്യത ഇഷ്ടപ്പെടുന്നില്ല. പ്രകൃതി ഒരു ശൂന്യത ഇഷ്ടപെടുന്നില്ല. നിങ്ങൾക്ക് ഒരു ജോലിയും ഇല്ലാതെ അലസമായി സമയം ചിലവഴിക്കുകയാണെങ്കിൽ തീർച്ചായായും നിങ്ങൾ കുഴപ്പത്തിൽ ചെന്ന് ചാടും.

ദൈവജനത്തിന്റെ ഇടയിൽ ഒരു ശൂന്യത കണ്ടാൽ പിശാച് നിശ്ചമായും അവിടെ പ്രവേശിക്കും. ഭൂതം ബാധിച്ചിരുന്ന ഒരു മനുഷ്യനെപ്പറ്റി കർത്താവ് പറഞ്ഞ ഉപമയിൽ ഈ കാര്യം വ്യക്തമാണ്. പിശാചിനെ അവനിൽ നിന്നും പുറത്താക്കി, പക്ഷെ അവിടെ ആരും വസിക്കാതെ ഒഴിഞ്ഞുകിടന്നു. ഭൂതം നീരോട്ടമില്ലാത്ത പ്രദേശങ്ങളിൽ ഉഴന്നുനടന്നു. പാർപ്പാൻ ഇടം കിട്ടാതെ അവൻ താൻ വിട്ടുപോന്ന ആളിന്റെ അടുക്കലേക്ക് മടങ്ങിച്ചെന്നു. അത് അടിച്ചുവാരി വൃത്തിയാക്കിയിരിക്കുന്നതും ഒഴിഞ്ഞുകിടക്കുന്നതും കണ്ട് പെട്ടെന്ന് അതിനുള്ളിൽ കടന്ന് അത് കൈവശമാക്കി. ഇത്തവണ വേറെ ഏഴ് അശുദ്ധാത്മാക്കളേയും കൂടി കൊണ്ടുവന്നാണ് അതിൽ പാർത്തത്.

പിശാച് ശൂന്യത ഇഷ്ടപ്പെടുന്നില്ല എന്ന് കർത്താവിന്റെ ഈ ഉപമയിൽ നിന്ന് വ്യക്തമാണല്ലോ. അതുപോലെ കർത്താവും ശൂന്യത ഇഷ്ടപ്പെടുന്നില്ല. കാര്യങ്ങൾ പൂർണ്ണമായിരിക്കണമെന്നും നിറഞ്ഞിരിക്കണമെന്നും കർത്താവ് ആഗ്രഹിക്കുന്നു. ദൈവം നമ്മെ ഒരു ആത്മീയ വിഷയത്തിൽ വിശാലതയിലേക്ക് നടത്തുന്നതിനുമുമ്പ് ആത്മീയ വളർച്ച നമ്മിലുണ്ടാകണമെന്ന് ദൈവം ആവശ്യപ്പെടുന്നു. അത് വളരെ പ്രധാനപ്പെട്ട ഒരു ആവശ്യമാണ്.

ക്രിസ്തീയ ലോകം സംഗതികളെ വളച്ചൊടിച്ചു. വലിയ വിശാലമായ സ്ഥലമുണ്ടാക്കിയിട്ട് അതിലേക്ക് വളരാൻ ശ്രമിച്ചു. വലിയ കെട്ടിടങ്ങൾ ഉണ്ടാക്കി അതിൽ വളരെയധികം ജോലിയും വേലയും ചെയ്ത് ആ കെട്ടിടങ്ങൾ നിറയ്ക്കാൻ ശ്രമിക്കുകയാണ്. കർത്താവ് അങ്ങനെയല്ല കാര്യങ്ങൾ ചെയ്യുന്നത്. ആദ്യം വളർച്ച ഉണ്ടാക്കിയിട്ട് അതിനനുസരിച്ച് തരുന്നു.

അതിരുകളെ വിശാലമാക്കുന്നതിനുള്ള ആത്മീയ മുന്നേറ്റത്തിന് ആത്മീയവളർച്ച അത്യന്താപേക്ഷിതമാണ്. ദൈവം നമ്മുടെ മുമ്പിൽ വെക്കുന്ന വെല്ലുവിളി ഇതാണ്, നിനക്ക് അത് നിറയ്ക്കാൻ കഴിയുമോ? നിനക്ക് അതിൽ പാർക്കാൻ കഴിയുമോ? നിനക്ക് അത് കൈവശമാക്കാൻ കഴിയുമോ ? ഞാൻ അത് തന്നാൽ നിനക്ക് കൈകാര്യം ചെയ്യാൻ കഴിയുമോ? ദൈവം നമുക്ക് വിശാലമായ പ്രദേശം തരുമ്പോൾ നമ്മെ അതിൽ പാർക്കാനും നിറക്കാനും പ്രാപ്തരാക്കുക എന്നതാണ് പോരാട്ടത്തിന്റെ ദൈവീകോദ്ദേശം.

## പരസ്യമായി പങ്കുവെക്കാൻ കഴിയാത്ത പ്രാർത്ഥനാ വിഷയങ്ങളുമായി നിങ്ങൾ ഭാരപ്പെടുന്നുവോ?

### ദൈവഹിത പ്രകാരം ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണെങ്കിൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം.

എന്നാൽ നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായി ചെയ്വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവൻ നിങ്ങളുടെ വിഷയങ്ങളിൽ തീർപ്പുകൽപ്പിക്കും.

**Prayer Cell**

+973 3355 2886
+973 3933 6575
+973 3838 3399
+973 1787 71 71
hhgulfnews@gmail.com

പ്രാർത്ഥനാവിഷയങ്ങളും വ്യക്തികളേയും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.

## പ്രാർത്ഥനയ്ക്കായി...

**ബഹറിൻ ചർച്ച് ഓഫ് ലിവിംഗ് ഗോഡ് സഭാശുശ്രൂഷകൻ പാസ്റ്റർ സാബു മാത്യു കഴിഞ്ഞ ദിവസം ദൈവസഭയിൽ ശുശ്രൂഷിച്ചു കൊണ്ടിരിക്കുന്നതിനിടയിൽ കുഴഞ്ഞുവീണു. ഇപ്പോൾ സൽമാനിയ മെഡിക്കൽ കോംപ്ലക്സിൽ ചികിത്സയിലാണ്.**

**ഒരു ദൈവീകവിടുതലിനായി ദയവായി പ്രാർത്ഥിച്ചാലും.**

# നിങ്ങളുടെ പ്രയാണം സോദോമിലേക്കോ ?

ഒരു മനുഷ്യന്റെ പതനം ആരംഭിക്കുന്നത് ക്രമേണയത്രെ; അത് ഒരിക്കലും പൊടുന്നനെ ഉളവാക്കുന്നതല്ല, മറിച്ച് തിരുവെഴുത്തിനെ അടിസ്ഥാനമാക്കിയുള്ള സ്വാതന്ത്ര്യത്തിൽ നിങ്ങളുടെ ആത്മീയ വിവേചനാശയത്തിൽ എത്രമാത്രം വിട്ടുവീഴ്ച ചെയ്യാൻ നിങ്ങൾ തയ്യാറാണോ എന്നതിനെ ആശ്രയിച്ചിരിക്കുന്നു. ദൈവവചനം പറയുന്നു, അബ്രഹാമിന്റെ അനന്തരവൻ ആയ ലോത്ത് നീതിമാനായിരുന്നു. 'തന്റെ നീതിയുള്ള മനസ്സിൽ നൊന്തു അവരുടെ ദുഷ്കാമപ്രവൃത്തിയാൽ വലഞ്ഞുപോയ നീതിമാനായ ലോത്തിനെ വിടുവിക്കയും ചെയ്തു'(2 പത്രോസ് 2:8).

അബ്രഹാം ദൈവസന്നിധിയിൽ നിന്നുകൊണ്ട് സോദോമിലെ ജനങ്ങളുടെ ജീവനുവേണ്ടി അപേക്ഷിച്ചതിനാൽ ദൈവം ലോത്തിനേയും അവന്റെ കുടുംബത്തെയും രക്ഷിച്ചു. എന്നിരുന്നാലും അവരുടെ ഹൃദയം പൂർണ്ണമായി ആ സംസർഗ്ഗത്തിൽ നിന്ന് മാറാഞ്ഞതിനാൽ ആ രക്ഷ അവർക്കു പ്രയോജനമായി ഭവിച്ചില്ല. ഒരുപക്ഷേ, അവരുടെ ജീവിതത്തിൽ ദൈവീക മൂല്യങ്ങളല്ലാതെ മറ്റെന്തിനെങ്കിലും മുൻഗണന നൽകിയതിനാലാകാം. ഭാഗികമായ അനുസരണം പൂർണ്ണമായ അനുസരണക്കേടിനു തുല്യമാണെന്ന് തിരുവെഴുത്തുകൾ വ്യക്തമാക്കുന്നു. ദൈവം പറഞ്ഞ വാക്കിനെതിരായി, സോദോം നഗരത്തെ തിരിഞ്ഞു നോക്കി എന്ന ഭാഗീകമായ അനുരണക്കേടിനാൽ, ലോത്തിന്റെ ഭാര്യ ലോകത്തിനു മുന്നിൽ ഉപ്പുതൂണായി മാറ്റപ്പെട്ടു. ലോത്തിന്റെ ഭാര്യ നമുക്കു മുന്നിൽ ഒരു മുന്നറിയിപ്പാണ്. അതുകൊണ്ട് ദൈവത്തെയോ ദൈവജനത്തെയോ ഈ ലോകത്തിന്റെ വ്യർത്ഥമായ ഫലത്തിനുവേണ്ടി ഉപേക്ഷിക്കരുത്, പരിശുദ്ധാത്മാവിന്റെ ശാസനക്കും ആലോചനക്കും വിപരീതമായി നാം മുമ്പോട്ട് പോകയുമരുത്.

കൂട്ടംവിട്ടു നടക്കുന്നവൻ സ്വേച്ഛയെ അന്വേഷിക്കുന്നു; സകലജ്ഞാനത്തോടും അവൻ കയർക്കുന്നു(സദൃശ്യവാക്യങ്ങൾ 18:1). നീതിമാനായ ലോത്തിന്റെ വീഴ്ചയ്ക്കു പല കാരണങ്ങളുണ്ട്. നാം അവനെ അടുത്ത് പഠിക്കുമ്പോൾ, കൂടുതൽ വിഭവസമൃദ്ധിയും, സമ്പത്തും, ആദരവും, സന്തോഷവുമുള്ള ഒരു ജീവിതം ആയിത്തീരണം എന്നതായിരുന്നു അവന്റെ മനോഭാവം. സമ്പത്തും പ്രശസ്തിയും വർദ്ധിച്ചതോടെ, അബ്രഹാമിനോടുള്ള മത്സരവും താരതമ്യം ചെയ്യലും ലോത്തിന്റെ ഉള്ളിൽ ഉണ്ടായി. ദൈവപുരുഷനായ അബ്രഹാമിനോടുള്ള അവന്റെ സ്വാതന്ത്ര്യത്തിനും, അനാദരവിനും, അവൻ ഒരു പരിധി കൽപ്പിച്ചില്ല. ഒരു രാഷ്ട്രമായി തീരും എന്ന് ദൈവീക വാഗ്ദത്തമുള്ള അബ്രഹാമിനെ വിട്ടു പിരിയാൻ അവനു ഒരു ഖേദവും ഉണ്ടായിരുന്നില്ല. അമ്മാവനായ അബ്രഹാം, ലോത്തിന്റെ നിലനിൽപ്പിന്റെ ഉറവിടവും അടിസ്ഥാനവും ആയിരുന്നു. തിരഞ്ഞെടുപ്പിനുള്ള അവസരം കൊടുത്തപ്പോൾ, ചുറ്റുമുള്ള ഫലഭൂയിഷ്ടമായ ഇടങ്ങളിലേക്കായിരുന്നു അവന്റെ കണ്ണുകൾ. ദേശത്തിലെ സൗന്ദര്യവും ആനന്ദങ്ങളും അവനെ സോദോം കവാടത്തിലേക്കു ആനയിച്ചു. ആയതുപോലെ പിശാച് ഒരു മനുഷ്യനെ പാപത്തിന്റെ കവാടത്തിലേക്ക് അവർ അറിയാതെ തന്നെ എത്തിപ്പിക്കുന്നു. ദൈവത്തിന്റെ വിളി നഷ്ടപ്പെട്ട ഒരു മനുഷ്യന് സോദോമിന്റെ കവാടം അത്യുജ്ജ്വലവും ആകർഷണവും ആയി തോന്നും. പേരും, പ്രശക്തിയും, സമ്പത്തും ജീവിതത്തിൽ വന്നുപോകും, എന്നാൽ ദൈവത്തിന്റേയും മനുഷ്യന്റേയും മനസ്സിൽ ഉണ്ടാക്കുന്ന മുറിവുകൾ അത് തീർപ്പു കൽപ്പിക്കുന്നത് വരെയും മായാതെ നിലനിൽക്കുന്നു. നീതിമാനായ ലോത്തെന്നു പേരുണ്ടെങ്കിലും വിശ്വാസത്തിന്റെ പുസ്തകമായ എബ്രായർ 11-ൽ അവനു ഇടം കാണാനായില്ല.

ചില ആളുകൾ നീതിമാനായ ലോത്തിനെപ്പോലെയാണ്. അവർ കഷ്ടതയിൽ ആയിരിക്കുമ്പോൾ ഏതെങ്കിലും വ്യക്തിയുടെ സഹായം അവർ സ്വീകരിക്കും, എന്നാൽ അവരുടെ സമ്പത്തും ആസ്തിയും വർദ്ധിച്ചു സ്വയംപര്യാപ്തമായി എന്ന് തോന്നുമ്പോൾ സഹായമായി നിന്നവരെ പുറംതള്ളുന്നു. അവരുടെ കൂട്ടായ്മ, സൗഹൃദം, കുടുംബം അല്ലെങ്കിൽ സഭ



റെവ. ഡോ.കോശി ഈപ്പൻ

ഉപേക്ഷിക്കാൻ അവർക്ക് യാതൊരു പശ്ചാത്താപവുമില്ല. അവർ ജ്ഞാനപൂർവ്വം ചിന്തിക്കാതെ, യേശു ക്രിസ്തുവിന്റെ രക്തത്താൽ ഉളവായ ആത്മീയബന്ധം വിച്ഛേദിക്കുന്നു. ആയതിനാൽ സൂക്ഷിക്കുക! നിങ്ങൾ ശരിയായ ആത്മീയ കാരണങ്ങളൊന്നുമില്ലാതെ ഒരു സഭാ കൂട്ടായ്മ വിട്ടുപോകുമ്പോൾ നിങ്ങളുടെ കൂടാരം നിങ്ങൾ സോദോമിലേക്കു മാറ്റി അടിക്കുകയാണ്. ദൈവത്തിന്റെ പദ്ധതിയുടെ ഗുണങ്ങൾ നമ്മൾ പ്രാപിക്കുവാൻ, നമ്മുടെ യുക്തിപരമായ സ്വാതന്ത്ര്യം ആത്മീയ ജീവിതമായി പൊരുത്തപ്പെടുത്തേണ്ടതാകുന്നു. ആയതിനാൽ ഇന്ന് നിങ്ങളുടെ പ്രയാണം എവിടേക്ക്? അതു ദൈവീക പദ്ധതിയിലോ അതോ സോദോമിലേക്കോ ? ആകയാൽ താൻ നിൽക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിപ്പാൻ നോക്കിക്കൊള്ളട്ടെ(1 കൊരിന്ത്യർ 10:12).


ഹലോ ഹോപ്പിൽ നിങ്ങളുടെ ചർച്ചിന്റെ സ്പെഷ്യൽ മീറ്റിംഗുകൾ, കൺവെൻഷനുകൾ, മാട്രിമോണിയൽ, ബർത്ത്ഡേ വിഷസ്, വെഡിംഗ് ആനിവേഴ്സറി, മറ്റു പരസ്യങ്ങൾ മുതലായവ മിതമായ നിരക്കിൽ പ്രസിദ്ധീകരിക്കാവുന്നതാണ്.

**കമ്പനി പരസ്യങ്ങൾക്ക് പ്രത്യേക ഡിസ്കൗണ്ട് !!!**

Contact:
**+973 33552886**


## അറിയിപ്പ്

സ്ഥലപരിമിതി മൂലം വളരെയധികം ലേഖനങ്ങളും മറ്റ് രചനകളും ഈ ലക്കത്തിലും ചേർക്കാൻ കഴിയാതെ പോയതിൽ ഖേദിക്കുന്നു.





"ഹലോ ഹോപ്പ്" ജേർണലിൽ വരുന്ന എല്ലാ ലേഖനങ്ങളിലേയും പതിവ് പംക്തികളിലേയും പരസ്യങ്ങളിലേയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും പൂർണ ഉത്തരവാദിത്വം എഴുത്തുകാർക്കും പരസ്യദാതാക്കൾക്കും മാത്രമാണ്.
–എഡിറ്റർ–

Views and opinions expressed in various articles, features and advertisements in "Hello Hope" are only of the writers and advertisers and not necessarily of the publishers.
-Editor-



നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങൾക്ക് എഴുതുക:
**Hello Hope Journal**
**P.O. Box :10489**
**Kingdom of Bahrain**
✉ hhgulfnews@gmail .com
00973 38383399
☎ 17877171




# ക്രിസ്തു വെളിപ്പെടുത്തിയ പാതാളം

തിരശ്ശീല ക്കപ്പുറം... 5



ജിജോ അങ്കമാലി

പഴയനിയമ ഭക്തന്മാരുടെ ആത്മാക്കളും ദുഷ്ടന്മാരുടെ ആത്മാക്കളും പാതാളത്തിൽ ഒരേയിടത്തിലേക്ക് തന്നെയാണോ പോകുന്നതെന്ന് സംശയിച്ചിരുന്നവർക്ക് സംശയനിവാരണം വരുത്തിയത് യേശുക്രിസ്തു തന്നെയാണ്. ലൂക്കോസ് 16 ലെ ധനവാന്റേയും ലാസറിന്റേയും ഉപമയിലൂടെ കർത്താവ് വെളിപ്പെടുത്തിയത് പാതാളത്തിന്റെ വിവിധ അവസ്ഥകളേയും വേർതിരിവുകളേയും കൂടെയാണ്.

മരണാന്തരം ലാസറിന്റെ ആത്മാവ് ചെന്നെത്തിയത് അബ്രഹാമിന്റെ മടിയിലാണ്(ലൂക്കോ.16:22). അബ്രഹാമിന്റെ മടി എന്ന് പറഞ്ഞാൽ അബ്രഹാം ഇരിക്കുന്ന ഇടം എന്ന് മനസ്സിലാക്കാം. അവിടം ആശ്വാസം ഉള്ള ഇടമാണ്(16:25), വേദന ഇല്ലാത്ത ഇടമാണ്(16:24), തീജ്വാല ഇല്ലാത്ത ഇടമാണ്(16:24), യാതനകളില്ലാത്ത സ്ഥലമാണ്(16:28). അവിടെയാണ് പഴയനിയമ ഭക്തന്മാരുടെ ആത്മാക്കൾ മരണാന്തരം ചെന്നെത്തുന്നത്. ലാസർ ചെന്നതും ഇവിടേക്കുതന്നെ. ഹാബേൽ മുതൽ സഭയുടെ രൂപീകരണം വരെയുള്ള എല്ലാ വിശുദ്ധന്മാരും ചെന്നെത്തിയതും അബ്രഹാമിന്റെ മടിയിലേക്ക് തന്നെയാണ്. ഇതിന് പറയുന്ന മറ്റൊരു പേരാണ് പറുദീസ. അല്ലെങ്കിൽ മുകളിലത്തെ പാതാളം എന്നും വിശേഷിപ്പിക്കാം.

എന്നാൽ ധനവാന്റെ ആത്മാവും ചെന്നെത്തിയതും പാതാളത്തിൽ തന്നെയാണ്(16:23). എന്നാൽ അവിടത്തെ അനുഭവം തികച്ചും വ്യത്യസ്ഥമാണ്. അവിടെ ജ്വാലയുണ്ട്, യാതനയുണ്ട്, ദാഹമുണ്ട്, കരച്ചിലുണ്ട് ഇതിനെ താഴത്തെ പാതാളം അഥവ അധമ പാതാളം എന്ന് വിശേഷിപ്പിക്കാം. കയീൻ മുതൽ സഹസ്രാബ്ദവസാനം വരെ മരിക്കുന്ന പാപികളുടെ ആത്മാക്കൾ ചെന്നെത്തുന്ന പാതാളത്തിലെ അധോഭാഗമാണിത്. ഇവിടെ യാതനയും വേദനയുമൊക്കെ ഉണ്ടെങ്കിലും ഇത് നരകമല്ല. നരകത്തിലേക്ക് അന്ത്യന്യായവിധിക്കു ശേഷമേ ആത്മാക്കളെ പറഞ്ഞ് വിടുകയുള്ളൂ. അതുവരെ ആത്മാക്കൾ വിശ്രമിക്കുന്ന താല്ക്കാലിക ഇടം എന്ന് മനസ്സിലാക്കാം.

മുകളിലത്തെ പാതാളത്തേയും താഴത്തെ പാതാളത്തേയും വേർതിരിക്കുന്ന വലിയോരു പിളർപ്പ് ഉണ്ട് എന്നും ക്രിസ്തു വ്യക്തമാക്കി(16:26). ആയതിനാൽ രണ്ട് വ്യത്യസ്ഥ ഇടങ്ങളിലായ് രണ്ട് അനുഭവത്തിൽ പിളർപ്പിന് അപ്പുറത്തും ഇപ്പുറത്തുമായ് അവർ കഴിയുന്നു.

## പാതാളം.

**അബ്രഹാമിന്റെ മടി**

**മുകളിലത്തെ പാതാളം –**

**പറുദീസ** – പഴയനിയമ വിശുദ്ധന്മാരുടെ ആത്മാക്കൾ വസിക്കുന്ന ഇടം(ഹാബേൽ മുതൽ സഭയുടെ ആരംഭംവരെയുള്ള വിശുദ്ധന്മാരുടെ ആത്മാക്കൾ)

**വലിയ പിളർപ്പ്**

## താഴത്തെ പാതാളം

*അധമപാതാളം – പഴയനിയമകാലത്തേയും പുതിയനിയമ കാലത്തേയും ആത്മാക്കൾ വസിക്കുന്ന ഇടം(കയീൻ മുതൽ വെള്ളസിംഹാസനം വരെയുള്ള ദുഷ്ടന്മാരുടെ ആത്മാക്കൾ)

മുകളിൽ കാണുന്നതുപോലെ പാതാളത്തെ മൂന്നായി തിരിക്കാം. രണ്ട് വ്യത്യസ്ഥ അനുഭവങ്ങളിൽ വ്യത്യസ്ഥ ഇടങ്ങളിൽ മരണാനന്തരം ആത്മാക്കൾ ചെന്നെത്തുന്നു എന്ന് വ്യക്തം. 'പാതാളം' എന്ന് പൊതുവായ് പറയുന്നു എങ്കിലും അനുഭവങ്ങളിലെ വ്യത്യാസം കുറികൊള്ളണം. ഒരേ വിമാനത്തിലാണ് കയറുന്നതെങ്കിലും രണ്ട് വ്യത്യസ്ഥ ക്ലാസ്സുകളിലായ് ഇരിക്കുന്നതുപോലെ

## യേശുവിന്റെ ആത്മാവ് പോയതെവിടേക്ക് ?

യേശുവിന്റെ മരണാനന്തരം യേശുവിന്റെ ആത്മാവ് എവിടേക്ക് പോയി എന്ന ചോദ്യവും സംഗതമാണ്. 'ഇന്ന് നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും' എന്നാണ് ക്രൂശിലെ കള്ളനോട് യേശു പറഞ്ഞത്(ലൂക്കോ.23:43). തന്മൂലം പറുദീസയിലേക്ക് അഥവ അബ്രഹാമിന്റെ മടിയിലേക്കാണ് യേശുവിന്റെ ആത്മാവ് ചെന്നത് എന്ന് മനസ്സിലാക്കാം. യോഹന്നാൻ 20:17–ൽ യേശു മറിയയോട് പറയുന്നത് 'എന്നെ തൊടരുത്, ഞാൻ ഇതുവരെ പിതാവിന്റെ അടുക്കൽ കയറിപ്പോയിട്ടില്ല' എന്നാണ്. ഇത് ദൈവാധിവാസസ്ഥാനമായ സ്വർഗ്ഗത്തെ ഉദ്ദേശിച്ച് പറഞ്ഞതാണ്.

## പഴയനിയമ വിശുദ്ധർ എന്നുവരെ അബ്രഹാമിന്റെ മടിയിൽ (പറുദീസ) ഉണ്ടായിരുന്നു?

ഇത് വളരെ സങ്കീർണമായ ഒരു വിഷയം തന്നെയാണ്. ഇതിനുത്തരം കണ്ടെത്താനായി എഫേസ്യർ 4:8,9 എന്നീ വാക്യങ്ങൾ അപഗ്രഥിക്കണം. അതുകൊണ്ട് 'അവൻ ബദ്ധന്മാരെ പിടിച്ചുകൊണ്ട് പോയി ഉയരത്തിൽ കയറി മനുഷ്യർക്ക് ദാനങ്ങളെ കൊടുത്തു. കയറി എന്നതിനാൽ അവൻ ഭൂമിയുടെ അധോഭാഗങ്ങളിലേക്ക് ഇറങ്ങി എന്ന് വരുന്നില്ലയോ?'. ഈ വാക്യങ്ങളിലെ രണ്ട് പ്രയോഗങ്ങൾ വ്യക്തമായ് മനസ്സിലാക്കിയാൽ നമ്മുടെ ചോദ്യത്തിന് ഉത്തരമാകും.

1. **ബദ്ധന്മാർ**
2. **അധോഭാഗം**

ബദ്ധന്മാർ എന്നതിന് രണ്ട് വിശദീകരണങ്ങളാണ് പണ്ഡിതന്മാർ നൽകുന്നത്. ഒന്ന് സാത്താന്റെ ബദ്ധന്മാർ. രണ്ട് പഴയനിയമ വിശുദ്ധന്മാർ. പഴയനിയമ വിശുദ്ധന്മാർ എങ്ങനെയാണ് ബദ്ധന്മാരായിരിക്കുന്നത് എന്ന് ചോദിച്ചാൽ അവരെ പിടിച്ച് ബദ്ധന്മാരാക്കിയതല്ല പിന്നെയോ പേരിനോടുള്ള ബന്ധത്തിൽ അവർ ബദ്ധന്മാരാണ്, അനുഭവത്തോടുള്ള ബന്ധത്തിലല്ല. പേരിനോടുള്ള ബന്ധത്തിൽ എന്ന് പറഞ്ഞത്, ദുഷ്ടന്മാരുടെ ആത്മാക്കൾ കിടക്കുന്ന സ്ഥലമായ 'പാതാളം' എന്ന പേര് എന്ന അർത്ഥത്തിലാണ്.

ഭൂമിയുടെ അധോഭാഗം (Lower Parts of the Earth):- ഇതിൽ മൂന്ന് വിശദീകരണങ്ങളാണ് പൊതുവെ നൽകിവരുന്നത്.

*1. ഭൂമിയുടെ അധോഭാഗം (In to the Lower Parts).* ഇത് ഭൂമിയിലേക്കുള്ള കർത്താവിന്റെ മനുഷ്യാവതാരത്തെ കാണിക്കാനായ് ഉപയോഗിക്കുന്നു.

*2. ഭൂമിയേക്കാൾ താഴെയുള്ള അധോഭാഗം (In to the Parts Lower than the Earth).* ഇത് മരണത്തിനും ഉയർപ്പിനിടയിൽ ആത്മാക്കൾ വിശ്രമിക്കുന്ന പാതാളത്തെ സൂചിപ്പിക്കുന്നു.

*3. ഭൂമിയിലുള്ള അധോഭാഗം (In to the Lower Parts which belong to the Earth).* ഇത് അടക്കപ്പെടുന്ന കല്ലറയെ സൂചിപ്പിക്കുന്നു.

മുകളിൽ പറഞ്ഞ മൂന്ന് വിശദീകരണങ്ങളും കർത്താവിന്റെ ഒന്നാം വരവിങ്കൽ പൂർത്തിയായ കാര്യങ്ങളാണ്. യേശുവിന്റെ ജനനം, മരണം, അടക്കം, ഉയിർപ്പ് ഇതെല്ലാം ഉൾക്കൊള്ളുന്നതാണല്ലോ ഒന്നാംവരവ്.

സങ്കീ.68:18–ൽ 'നീ ഉയരത്തിലേക്ക് കയറി ബദ്ധന്മാരെ പിടിച്ചുകൊണ്ടു പോയി' എന്നു വായിക്കുന്നു. ആയതിനാൽ പുനരുത്ഥാനത്തിങ്കൽ ക്രിസ്തു പാതാളത്തിൽ അഥവ മുകളിലത്തെ പാതാളമായ അബ്രഹാമിന്റെ മടിയിൽ ബദ്ധന്മാരായിരിക്കുന്ന നീതിമാന്മാരെ അഥവ പഴയനിയമ വിശുദ്ധന്മാരെ പിടിച്ചുകൊണ്ട് ഉയരത്തിലേക്ക് അഥവ ദൈവാധിവാസ സ്ഥാനമായ മൂന്നാം സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോയി. ആയതിനാൽ അബ്രഹാമിന്റെ മടി ഇന്ന് കർത്താവിരിക്കുന്ന ഇടം എന്ന നിലയിൽ മാറ്റപ്പെട്ടു എന്ന് മനസ്സിലാക്കാം. 'എന്റെ പ്രാണനെ ദൈവം പാതാളത്തിന്റെ അധികാരത്തിൽ നിന്ന് വീണ്ടെടുക്കും. അവൻ എന്നെ കൈക്കൊള്ളും(സങ്കീ.49:15) എന്നതായിരുന്നു പഴയനിയമ ഭക്തന്മാരുടെ പ്രതീക്ഷയും പ്രത്യാശയും. അതിന്റെ നിവൃത്തി എന്ന നിലയിൽ കർത്താവ് കള്ളന്റെ ആത്മാവിനേയും മുകളിലത്തെ പാതാളത്തിലുള്ള സകല ആത്മാക്കളേയും കൊണ്ട് പറുദീസയായ മൂന്നാം സ്വർഗ്ഗത്തിലേക്ക് കരേറിപ്പോയി. ആകയാൽ ഇന്ന് മരിക്കുന്ന വിശുദ്ധന്മാരുടെ ആത്മാക്കളൊന്നും പാതാളത്തിലേക്ക് പോകുന്നില്ല പിന്നെയോ 'ക്രിസ്തുവിനോടുകൂടെ', ക്രിസ്തു ഇരിക്കുന്ന ഇടത്തേക്ക് തന്നെ ചെന്നെത്തുന്നു. എന്നാൽ എക്കാലത്തുമുള്ള ദുഷ്ടന്മാർക്ക് സ്ഥാനചലനമില്ല, അവർ അന്ത്യന്യായവിധിവരെ അധമപാതാളത്തിൽ തന്നെ തുടരും...



# പൂർണ്ണ തൃപ്തിയുള്ളവരായി ജീവിക്കാം



പാസ്റ്റർ ദാനിയേൽ കുപ്ലാപള്ളിൽ

*ക്രിസ്തുയേശുവിന്റെ ഗിരിപ്രഭാഷണത്തിലെ ഒരു പ്രധാന വിഷയം നീതിക്ക് വിശന്ന് ദാഹിക്കുന്നവർ ഭാഗ്യവാന്മാർ അവർക്ക് തൃപ്തി വരും എന്നുള്ളതായിരുന്നു - മത്താ.5:6*

യേശു എവിടെ ഉണ്ടെന്ന് കേട്ടാലും അവിടെയൊക്കെ പുരുഷാരം ഓടിക്കൂടുമായിരുന്നു. അതിൽ സൗഖ്യത്തിനു വേണ്ടിയും, ഭൂതങ്ങളിൽ നിന്നുമുള്ള വിടുതലിനുവേണ്ടിയും, ആത്മീക അനുഗ്രഹത്തിനായും ഒക്കെ ജനങ്ങൾ യേശുവിന്റെ അടുക്കൽ വന്നുകൊണ്ടിരുന്നു. ഒരിക്കൽ പ്രഭാതത്തിൽ കടൽക്കരയിൽ നിന്ന യേശുവിന്റെ അടുക്കൽ പുരുഷാരം തിക്കും തിരക്കും ഉണ്ടാക്കിയത് മറ്റൊന്നിനുമായിരുന്നില്ല വചനം കേൾക്കുവാനുള്ള ആഗ്രഹമായിരുന്നു. ആത്മീകമായി ദാഹവും വിശപ്പും ഉള്ള ഒരുകൂട്ടം ജനം, യേശു ഉണ്ടെന്നു കേൾക്കുന്നിടത്തൊക്കേയും അവർ ഓടി വന്നു, കിടക്കയിൽ പോലും ആളുകളെ എടുത്തു കൊണ്ടു വന്നു, ചന്ത സ്ഥലങ്ങളിൽ പോലും ജനം വന്നു നിറഞ്ഞു, ഭവനത്തിൽ യേശു ഉണ്ടെന്നറിഞ്ഞാൽ വീട് മുഴുവനും നിറയുന്ന നിലയിൽ ജനം വന്നു. ഇതൊക്കെയും അവരുടെ ആത്മീകമായ ദാഹത്തേയും വിശപ്പിനേയും കാണിക്കുന്നു. ദാഹമുള്ളവനും, വിശപ്പുള്ളവനും തൃപ്തി വരുത്തുവാൻ കഴിവുള്ള ഒരു കർത്താവാണു യേശുക്രിസ്തു. ഈ കാലഘട്ടത്തിലും ദൈവത്തിനായി ദാഹവും വിശപ്പുമുള്ള ഒരു കൂട്ടത്തെ ക്രിസ്തുയേശു നോക്കികൊണ്ടിരിക്കുന്നു, നമ്മുടെ ആഗ്രഹവും, ദാഹവും, വിശപ്പും ദൈവത്തിനായുള്ളതായി മാറട്ടെ.

ഇവിടെ നാം കണ്ട ദൈവവചനത്തിൽ പറയുന്നു നീതിക്ക് വിശന്ന് ദാഹിക്കുന്നവർ ഭാഗ്യവാന്മാർ അവർക്ക് തൃപ്തി വരും. എല്ലാ രീതിയിലും തൃപ്തമായ നിലയിൽ ഒരു ജീവിതം നടത്തുന്നവർ വളരെ കുറവായിരിക്കും. ഒരു പക്ഷെയെങ്കിൽ ആരും തന്നെ ഇല്ല എന്നു വന്നേക്കാം. മനുഷ്യന്റെ പ്രായത്തിന്റെ ഓരോ കാലഘട്ടത്തിലും അവന്റെ ആവശ്യങ്ങൾ കൂടി കൂടി വരുന്നു. ജീവിതത്തിന്റെ ഒരു അവസ്ഥയിൽപ്പോലും തൃപ്തരാകുവാൻ ആർക്കും സാധിക്കുന്നില്ല. എന്നാൽ യേശുവിന്റെ അരികിൽ വന്ന ശിഷ്യന്മാരോട് യേശു പറയുന്നു നീതിക്കായുള്ള വിശപ്പും ദാഹവുമുള്ളവന് തൃപ്തിവരും. ഇവിടെ ആരും നിങ്ങൾക്ക് തൃപ്തി വരുത്തുകയില്ല. പകരം നീതി നിമിത്തം തൃപ്തി നിങ്ങളിലേക്ക് വരുകയാണ്. തൃപ്തനല്ലാതിരിക്കുമ്പോളും തൃപ്തനെന്ന് പുറമെ കാണിക്കുകയോ പറയുകയോ ചെയ്യുന്നു എന്നല്ല അർത്ഥമാക്കുന്നത് പകരം ഒരുവന്റെ ജീവിതത്തിന്റെ സമസ്ത മേഖലകളിലും തൃപ്തിയോടെ ജീവിതം അനുഭവിക്കുവാൻ സാധിക്കുന്നതാണ് യഥാർത്ഥ തൃപ്തി. അങ്ങനെയൊരു തൃപ്തി എങ്ങനെ പ്രാപിക്കാം എന്ന് ചിന്തിച്ചിട്ടുണ്ടോ ? യേശുക്രിസ്തു നമ്മോട് പറയുന്നത് മുമ്പേ ദൈവരാജ്യത്തേയും, അവന്റെ നീതിയും അന്വേഷിപ്പിൻ എന്നത്രേ (മത്താ.6:33). എന്താണ് നീതി! വിശുദ്ധവചനം നമ്മെ കാണിച്ചു തരുന്ന പല നീതികളിൽ ചിലത് കാണുക.

*1. സ്വന്ത നീതി - റോമ.10:3*
*2. ന്യായപ്രമാണത്താലുള്ള നീതി - റോമ.10:5*
*3. പരീശന്മാരുടേയും ന്യായശാസ്ത്രിമാരുടേയും നീതി - മത്താ.5:20*
*4. ദൈവനീതി - റോമ.3:21*

മനുഷ്യന്റെ നീതിബോധം അവന്റെ സ്വന്ത നന്മപ്രവർത്തികളിലും, മതപരമായ ആചാര അനുഷ്ഠാനങ്ങളിലും, ചടങ്ങുകളിലും കുടുങ്ങിക്കിടക്കുമ്പോൾ റോമ.6 ന്റെ 21-ാം വാക്യം പറയുന്നു ഇപ്പോഴോ ദൈവത്തിന്റെ നീതി, വിശ്വസിക്കുന്ന എല്ലാവർക്കും യേശുക്രിസ്തുവിങ്കലെ വിശ്വാസത്താലുള്ള ദൈവനീതി തന്നെ, ന്യായപ്രമാണം കൂടാതെ വെളിപ്പെട്ടു വന്നിരിക്കുന്നു. എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് നഷ്ടമാക്കിയിരിക്കുമ്പോൾ, ദൈവം മനുഷ്യകുലത്തോടുള്ള തന്റെ നീതിയെ പ്രദർശിപ്പിക്കുന്നു, അത് ക്രിസ്തുയേശുവിൽ വിശ്വസിക്കുന്ന ഏവർക്കും നൽകുന്നു. തന്നെയുമല്ല അത് കൃപയാൽ നൽകുന്നു, സൗജന്യമായി നൽകുന്നു. ദൈവം വെളിപ്പെടുത്തിയതും കാൽവറിയിൽ പ്രദർശിപ്പിച്ചതുമായ ദൈവത്തിന്റെ നീതി ക്രിസ്തുയേശുവത്രെ. നീതിമാനായ യേശുവിനെ ദൈവം മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേൽപ്പിച്ചു എന്ന് പാപിയായ മനുഷ്യൻ ഹൃദയത്തിൽ വിശ്വസിക്കുമ്പോൾ ക്രിസ്തുവിലെ നീതി വിശ്വസിക്കുന്നവന്ന് ലഭിക്കുകയും പാപങ്ങൾ മുഴുവനായി മായ്ക്കപ്പെടുകയും ചെയ്യപ്പെടുന്നു. അങ്ങനെ നീതികരിക്കപ്പെട്ടവൻ പിന്നീട് പാപിയല്ല, ദൈവത്തിന്റെ നീതിയത്രെ, അവർ പുതിയസൃഷ്ടിയായി മാറിയിരിക്കുന്നു, ക്രിസ്തുവിനെ കണ്ണാടി പോലെ പ്രതിബിംബിക്കുന്നു, ജീവനുള്ള കല്ലുകളായി പണിയപ്പെടുന്നു, ക്രിസ്തുവിനെപ്പോലെ അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു. ഇതൊക്കെയും യേശുവിനെ ഹൃദയത്തിൽ വിശ്വസിച്ചവരിൽ സംഭവിക്കുന്നതത്രെ. ദൈവം ക്രിസ്തുവിനെ എങ്ങനെ കണ്ടുവോ അതുപോലെ നിങ്ങളേയും കാണുന്നു എന്ന് മനസിലാക്കുക. നാം ദൈവത്തിന്റെ നീതിയാകുന്നു എന്ന തിരിച്ചറിവ് നമ്മെ നാം നീതിമാനെന്ന ബോധത്തിൽ ജീവിക്കുന്ന വ്യക്തിയാക്കി മാറ്റുന്നു.

നീതി ബോധത്തിൽ ജീവിക്കുന്ന ദൈവപൈതൽ ക്രിസ്തുവിനെ പോലെയാകുന്നു. പാപജീവിതത്തിൽ നിന്നും അകലുന്നു. ദൈവീക അഭിഷേകത്തിലും അധികാരത്തോടേയും ജീവിക്കുവാൻ പ്രാപ്തനാകുന്നു. ദൈവീകമായ അനുഗ്രഹങ്ങളിലും സംരക്ഷണത്തിലും ജീവിക്കുവാൻ സാധിക്കുന്നു. മാത്രമല്ല, സകലത്തിലും പൂർണ്ണ തൃപ്തിയുള്ളവരായി കർത്താവായ ക്രിസ്തുയേശുവിനെ സ്നേഹിക്കുകയും ആരാധിക്കുകയും ചെയ്യുവാൻ സാധിക്കുന്നു. ക്രിസ്തുവിന്റെ നീതി പ്രാപിച്ചവർ ക്രിസ്തുവിന്റെ ഭാവമുള്ളവരായി മാറും. ക്രിസ്തുവിന്റെ ആർദ്രതയും കരുണയുമുള്ളവരായി മാറും. യാക്കോബിന്റെ ലേഖനത്തിൽ പരിശുദ്ധാത്മാവ് രേഖപ്പെടുത്തിയിരിക്കുന്നത് വിശ്വാസത്താൽ നീതികരിക്കപ്പെട്ടവർ ക്രിസ്തുവിനെപോലെ പ്രവർത്തിക്കുന്നവരായിരിക്കും (യാക്കോ.2:14).




HH Rhythm



പ്രവീൺ ആന്റണി

**മഹത്വത്തിൻ ആനന്ദം അനുഭവിച്ചീടുവാൻ**
**അയോഗ്യനായെന്നെ തിരഞ്ഞെടുത്തു**
**ആശ്രയമെന്നും അവനിൽ വെച്ചീടുവാൻ**
**അത്താണിയായവൻ കൂടെനിന്നു**

**വന്ദ്യ പുരുഷനാം മനോഹരൻ തന്റെ**
**മേഘ പ്രത്യക്ഷതയിൽ വരുമ്പോൾ**
**നിന്ദിതനായി തീരാൻ അനുവധിക്കില്ലെയൻ**
**പൊന്നു തിരുമേനി ഉടയവനേ**

**അത്ഭുതമന്ത്രി വീരനാം ദൈവം**
**നിത്യ പിതാവാം മേഘാരൂഢൻ**
**സ്വർഗ്ഗം സിംഹാസനം ഭൂമി പാദപീഠം**
**തേജസ്വരൂപനാം രാജരാജൻ**

**സാരംഗികൾ പാടും സംഗീതവാദ്യാർ**
**ആകാശമദ്ധ്യേ ചേർന്നുവരും**
**അന്നു നാം ചേർന്നു പാടും ആ മോദഗീതം**
**കർത്തനിൽ ചേരും വിശുദ്ധരൊത്ത്**

# സുവിശേഷവും ഒരു യഥാർത്ഥ ശിഷ്യൻ ചെയ്യേണ്ട മൂന്നു കാര്യങ്ങളും

ഉയിർത്തെഴുന്നേറ്റ ക്രിസ്തു തന്റെ അരുമ ശിഷ്യഗണങ്ങളെ വിളിച്ചു അവർക്കു കൊടുത്ത മഹാനിയോഗമാണ് സർവ്വസൃഷ്ടികളോടും സുവിശേഷം അറിയിച്ച് ശിഷ്യരാക്കുക എന്നത്(മത്താ.28:18-20). **AD** 52-ൽ യേശുക്രിസ്തുവിന്റെ ശിഷ്യനായിരുന്ന തോമസ് അപ്പൊസ്തലൻ ഈ സുവിശേഷഭൂമിയിൽ കാലുകുത്തി എന്നു പറയുമ്പോൾ അതിനുമുമ്പ് യഹൂദന്മാർ ഇൻഡ്യയിൽ ഉണ്ടായിരുന്നു എന്നും സുവിശേഷം അറിയിച്ചിരുന്നു എന്നും ചരിത്രം പറയുന്നു.

ജനത്തെ ക്രിസ്ത്യാനിയാക്കാൻ ശ്രമിക്കുന്നു എന്നാണ് ഞങ്ങളെക്കുറിച്ച് ചിലർ പറയുന്ന കുറ്റം. സുവിശേഷം പ്രസംഗിക്കുക എന്നുള്ളത് മാനവകുലത്തോടുള്ള ക്രൈസ്തവന്റെ കർത്തവ്യമാണ്(ലൂക്കോ.2:10-11, മത്താ.28:19, 2 തിമൊ.2:9). മാനസാന്തരത്തെ മതപരിവർത്തനമായി വ്യഖ്യാനിച്ചതാണ് ചിലർക്കു പറ്റിയ തെറ്റ്. മനുഷ്യനു ദൈവത്തിങ്കലേക്കുള്ള മനംതിരിയലാണ് മാനസാന്തരം(യോവേ.2:12-13,പ്രവ.26:28, യിര.25:5, യെഹ.14:6, പ്രവ.17:30, 20:21, 26:18-21 - ഈ തിരുവെഴുത്തുകളെ വായിക്കുക).

### മാനസാന്തരത്തെക്കുറിച്ച് ഗ്രീക്കിൽ മൂന്നു വാക്കുകൾ:

*1. മെറ്റാനൊയിയോ:* പാപത്തെ ഉപേക്ഷിക്കുന്നതു മാത്രമല്ല, പാപത്തോടുള്ള താൽപ്പര്യത്തെ ഉപേക്ഷിക്കുന്നതാണ് യഥാർത്ഥ മാനസാന്തരം.

*2. മെറ്റാമെലോമായ്:* പാപത്തിന്റെ പരിണിതഫലത്തെക്കുറിച്ചുള്ള ബോധത്തിൽനിന്നും ഉളവാകുന്ന പ്രാണവേദന. ആത്മാവിന്റെ തേങ്ങലാണ് ഈ വാക്കുകൊണ്ട് അർത്ഥമാക്കുന്നത്.

*3. മെറ്റാനൊയിയ:* പാപത്തോടും അതിന്റെ കാരണത്തോടും ഉള്ള മനസ്സിന്റെ നിലപാട്, വേർപാട് എന്നിവയെ ദ്യോതിപ്പിക്കുന്ന വാക്കാണിത്. ജീവിതത്തെ ആകമാനം മാറ്റിമറിക്കുക എന്നതാണ് ഈ വാക്കുകൊണ്ട് അർത്ഥമാക്കുന്നത്. അല്ലെങ്കിൽ ഒരു പുതിയ മനുഷ്യനാക്കി മാറ്റുന്നതാണ്(2 കൊരി. 5:17). മദ്യത്തിനും മയക്കുമരുന്നിനും അടിമയായി കിടക്കുന്ന മനുഷ്യനു മാനസാന്തരമാണ് ആവശ്യം(പ്രവ.17:31, 2 പത്രോ.3:9).

മാനസാന്തരപ്പെട്ടവനാണ് ക്രിസ്ത്യാനി. എന്താണ് ക്രൈസ്തവധർമ്മം ? തിരുവെഴുത്ത് എന്ത് പറയുന്നു



എന്നു നോക്കാം. ക്രിസ്ത്യാനി എന്ന പദം ബൈബിളിൽ മൂന്നിടത്ത് കാണാം. ആ വേദഭാഗങ്ങൾ ക്രൈസ്തവന്റെ സ്വഭാവത്തിന്റെ പ്രകടനങ്ങളാണ്.

*ശിഷ്യത്വം സ്വീകരിച്ചവനാണ് ക്രിസ്ത്യാനി(പ്രവ.11:26).* ആദ്യമായി അന്ത്യൊക്യയിൽ വച്ച് ശിഷ്യന്മാരെ ക്രിസ്ത്യാനികൾ എന്ന് വിളിച്ചു. ആരാണ് ക്രിസ്തുവിന്റെ ശിഷ്യൻ, എങ്ങനെയാണ് ക്രിസ്തുവിന്റെ ശിഷ്യനായിരിക്കാൻ കഴിയുന്നത്. ലൂക്കോ.16:26-33, യോഹ.8:31,47, 13:35, 14:15, 2:2,3, 1 യോഹ.2:4, ലൂക്കോ.6:46, മത്താ.7:21, യെഹ.33:31 എന്നീ വേദഭാഗങ്ങൾ പരിശോധിക്കുക.

### ഒരു യഥാർത്ഥ ശിഷ്യൻ ചെയ്യേണ്ട മൂന്നുപ്രധാന കാര്യങ്ങൾ :

*1. ഗുരുവിനെ അനുകരിക്കുക* - ശിഷ്യൻ ഗുരുവിന് മീതെയല്ല, അഭ്യാസം തികഞ്ഞവൻ ഗുരുവിനെപ്പോലെയാകും(ലൂക്കോ.6:40, 2 തിമൊ.3:16-17, എബ്രാ.12:1-2, യോഹ.13:14-17, 1 പത്രോ.2:21, എഫെ.5:1-2, 1 കൊരി.11:1).

*2. ഗുരുവിനെ അനുഗമിക്കുക* - ഏലീശ ഏലിയാവിനെ അനുഗമിച്ചു. (മർ.1:17-18, 6:1, വെളി.14:4, ലൂക്കോ.9:57)

*3. ഗുരുവിനെ അനുസരിക്കുക* - 1 ശമു.15:22, യിര.7:23, യോഹ.9:27-28, പ്രവ.4:19, 5:29.

യേശുവിനെ അനുഗമിപ്പാൻ മുന്നോട്ട് വന്നുവെങ്കിലും പരാജയപ്പെട്ടവരെ പരിചയപ്പെടുത്തുന്നു (ലൂക്കോ.9:57-62). ഒരാൾക്ക് അപ്പനെ കുഴിച്ചിടണം, ഒരാൾക്ക് വീട്ടിലുള്ളവരോട് യാത്ര പറയുവാൻ അനുവാദം കൊടുക്കണം.

യേശുവിന്റെ യഥാർത്ഥ ശിഷ്യൻ അനുകരിക്കാനും, അനുഗമിപ്പാനും, അനുസരിക്കാനും തയ്യാറാകണം.

*സുവിശേഷം ഓരോരുത്തർക്കും:* പ്രവ.9-ാം അദ്ധ്യായം വായിക്കുമ്പോൾ പൗലോസിന്റെ ചരിത്രം കാണാം. (1 കൊരി. 9:16-23) സുവിശേഷം അറിയിക്കുന്നുവെങ്കിൽ പ്രശംസിപ്പാൻ ഒന്നും ഇല്ല. നിർബ്ബന്ധം എന്റെമേൽ കിടക്കുന്നു.



പാസ്റ്റർ ധർമ്മരാജ്

### അപ്പൊസ്തലപ്രവർത്തിയിലെ സന്തോഷം:

1. യേശുക്രിസ്തുവിന്റെ ശിഷ്യന്മാർ സുവിശേഷം നിമിത്തം അടിയേറ്റപ്പോൾ സന്തോഷിച്ചു(5:40-41).
2. ശമര്യാപട്ടണം ഫിലിപ്പോസിന്റെ സുവാർത്ത മഹോത്സവത്തിൽ സന്തോഷിച്ചു(8:5-8).
3. അന്ത്യോക്യ പട്ടണത്തിൽ പാപികൾ മാനസാന്തരപ്പെട്ടപ്പോൾ ബർന്നബാസ് സന്തോഷിച്ചു(11:22-23).
4. ജാതികൾ അപ്പൊസ്തലന്മാരുടെ ശുശ്രൂഷയാൽ ദൈവകൃപ അനുഭവിച്ചപ്പോൾ സന്തോഷിച്ചു(13:47-48).
5. പൗലോസും ബർന്നബാസും ഉപദ്രവിക്കപ്പെട്ടപ്പോൾ ശിഷ്യന്മാർ ഒന്നടങ്കം പരിശുദ്ധാത്മാവിൽ നിറഞ്ഞു സന്തോഷിച്ചു(13:50-52).
6. ഫൊയ്നിക്യയിലും ശമര്യയിലും ജാതികൾ മനംതിരിഞ്ഞപ്പോൾ സഹോദരന്മാർക്ക് മഹാസന്തോഷമുണ്ടായി(15:3)

പരിശുദ്ധാത്മാവിലുള്ള സന്തോഷം കൊയ്ത്തിന്റെ സന്തോഷമാണ്(സങ്കീ.126:5,6). പരിശുദ്ധാത്മാവാണ് മിഷണറി പ്രവർത്തിന്റെ നടത്തിപ്പുകാരൻ(പ്രവ.13:1-5).



# The True Origin of Easter

Continued from Issue 13



Rev. Georgy Mathew Alexios

## *Easter Substituted for Passover*

Paul the apostle said, “Therefore purge out the old leaven, that you may be a new lump, since you truly are unleavened. For indeed Christ, our Passover, was sacrificed for us. Therefore let us keep the feast …” (1 Cor. 5:7-8). Jesus Christ, as the Lamb of God (John 1:29; Acts 8:32; 1 Pet. 1:19; Rev. 5:6), replaced the Old Testament sacrificial lamb eaten on Passover evening each year. The New Testament symbols of bread and wine were instituted so that Christians could remember and proclaim the sacrificial work that Jesus did on the cross.

Early Christians kept the Passover, not Easter. Encyclopaedia Britannica says, “There is no indication of the observance of the Easter festival in the New Testament, or in the writings of the apostolic Fathers . . . The first Christians continued to observe the Jewish festivals, though in a new spirit, as commemorations of events which those festivals foreshadowed . . . Thus the Passover, with a new conception added to it, of Christ as the true Paschal Lamb...continued to be observed.” Furthermore, regarding Gentile Christians, it says, “The Gentile Christians, on the other hand, unfettered by Jewish traditions, identified the first day of the week [Sunday] with the Resurrection, and kept the preceding Friday as the commemoration of the crucifixion, irrespective of the day of the month.” World Almanac says, “In the second century AD, Easter Day was, among Christians in Asia Minor [these would be the Gentile churches that Paul raised up in places such as Philippi, Colossae, Galatia, etc. – and he warned the Galatians (Gal. 4:9-10) about taking days such as Easter] the 14th of Nisan [or Abib] the seventh month of the [civil] Jewish calendar.” The date described here is not Easter Day, but rather the Passover – which was observed on the 14th day of the first month (Nisan) of the sacred calendar. The apostles and early New Testament Church did not observe Easter!

We see that Easter, a pagan festival with its pagan fertility symbols, was substituted for the God-ordained festivals that Jesus Christ, the apostles and the early Church observed. But this didn't happen immediately. This was formally settled only in 325 AD, not based on biblical truth, but based on anti-Semitism and imperial power. Encyclopaedia Britannica says, “A final settlement of the dispute [over whether and when to keep Easter or Passover] was one among the other reasons which led [the Roman emperor] Constantine to summon the council of Nicaea in 325 . . . The decision of the council was unanimous that Easter was to be kept on Sunday, and on the same Sunday throughout the world, and ‘that none should hereafter follow the blindness of the Jews.’” Those who continued to “follow the blindness of the Jews” (who continued to keep the biblical festivals kept by Jesus Christ and the apostles rather than the newly “Christianized” pagan Easter festival) were systematically persecuted by the powerful church-state alliance of Constantine's Roman Empire.

## *Paganism and not Christianity*

The British historian, Sir James Frazer commented on how the pagan practices and celebrations of Easter entered into the Roman Catholic Church. He said, “Taken altogether, the coincidences of the Christian with the heathen festivals are too close and too numerous to be accidental. They mark the compromise which the Church in the hour of its triumph was compelled to make with its vanquished yet still dangerous rivals [the empire's competing pagan religions]. The inflexible Protestantism of the primitive missionaries, with their fiery denunciation of heathendom, had been exchanged for the supple policy, the easy tolerance, the comprehensive charity of shrewd ecclesiastics, who clearly perceived that if Christianity was to conquer the world it could do so only by relaxing the too rigid principles of its Founder, by widening a little the narrow gate which leads to salvation.”

To make Christianity more appealing to everyone, the Roman church authorities, with the patronage of the Roman Empire took the rituals and practices of pagan religions, renamed them as “Christian”, and created a form of Christianity with teachings and customs not related to the Church which Jesus actually founded. Genuine Christianity was forced to go underground due to persecution because its followers did not compromise.

Easter does not represent Jesus Christ's suffering, death and resurrection, though it appears to do so to those who blindly accept religious tradition. In fact, it is a big distortion. We have seen that Easter belongs to the Babylonian goddess Astarte, or Ashtoreth, or Ishtar, whose worship is explicitly condemned in the Bible. Religious practices and fertility symbols associated with her cult existed long before Christ, and they have largely replaced and concealed the truth of His death and resurrection.

## *Why Bother?*

Even after knowing the facts, many still choose to celebrate Easter as a religious holiday. They may say that they are observing it to Jesus or the God of the Bible. But is it so? The Bible gives us the answer in this regard. One of the best examples of what God thinks about being worshipped using any of the practices and customs found in pagan religions is found in the book of Exod. 32:1-10. In this account, there is an amazing fact that can be easily overlooked. Through Aaron's leadership, the Israelites adapted the symbols (idols seen in Exod. 32:2-4) and ceremonies (uncontrolled revelries and orgies seen in Exod. 32:6) used to worship Egyptian gods to worship the true God. In this incident, the passage does not mention that the Israelites used pagan practices to celebrate a feast to Baal, or Molech, or any false god. In fact, all throughout the event, the people thought that they were having a “feast to the Lord” (Exod. 32:4-6).

What did the Lord say? In Exod. 32:7-10, God says, “Go, get down! For your people whom you brought out of the land of Egypt have corrupted themselves … Now therefore, let Me alone, that My wrath may burn hot against them and I may consume them. And I will make of you a great nation.” We see that God punished them because of their evil practices. God alone has the right to dictate how to worship Him. We need not mix God's truth with anything else. The origin of Easter with its symbols are deeply rooted in pagan religion. Those who consider themselves believers in the God of the Bible need to take a prayerful look at their observance of Easter.

Anyone may ask, “Shouldn't we remember Jesus' resurrection on ‘Easter’ Sunday?” 2 Tim. 2:8 says, “Remember that Jesus Christ, of the seed of David, was raised from the dead according to my gospel.” The word “remember” is in the present imperative active voice, which carries the idea of continuous action in the present. In Greek grammar, the present imperative has a durative force. It denotes action in progress, or habitual action. We are instructed to remember the death, burial, and resurrection of Jesus every day, and not on just one day in an year.

Does observing Easter please Jesus? Quoting Isa. 29:13, Jesus said, “In vain they worship Me, teaching as doctrines the commandments of men” (Matt. 15:9). He also said, “The hour is coming, and now is, when the true worshipers will worship the Father in spirit and truth; for the Father is seeking such to worship Him. God is Spirit, and those who worship Him must worship in spirit and truth” (John 4:23-24). What will you decide? Will you worship God in spirit and truth, or continue in deception?

## Congratulations



